# Athmaraksha.org

സന്ദേശം : അഭിഷിക്തർ, സമർപ്പിതർ, മിഷനറികൾ

## പൗരോഹിത്യം ഒരു പ്രൊഫഷനല്ല; ബിസിനസ്സുമല്ല- പാപ്പാ



''മാനസികപ്രശ്നങ്ങൾ ഉള്ളവർക്കുള്ള അഭയകേന്ദ്രമല്ല സെമിനാരി. ജീവിത യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കാൻ ധൈര്യമില്ലാത്ത ഭീരുക്കൾക്ക് ഉള്ളതുമല്ല സെമിനാരി.'' ഫ്രാൻസീസ് പാപ്പാ പറഞ്ഞു. മറിച്ച് ഒരുവൻ അവന്റെ ദൈവവിളി വളർ ത്തുന്ന സ്ഥലമാണത്. ദൈവവചനത്തെയും, കുർബാനയെയും പ്രാർത്ഥനയെയും ആഴ ത്തിൽ അറിയുന്ന സ്ഥലവുമാണിത്.

''ഈ മനോഭാവത്തോടെ ഈ പാത പിന്തുടരാൻ നിങ്ങൾക്ക് ആവുന്നില്ലെങ്കിൽ ഞാൻ ആത്മാർത്ഥമായി പറയുന്നു, നിങ്ങൾ മറ്റൊരു വഴി തിരഞ്ഞെടുക്കുന്നതാണ് നല്ലത്.''പാപ്പാ ഉപദേശിച്ചു. ലെയോണിയൻ കോളേജിലെ സെമിനാരിക്കാരോട് സംസാരിക്കുമ്പോഴായിരുന്നു ഫ്രാൻസീസ് പാപ്പായുടെ ഈ തുറന്ന പ്രതികരണം.

''പ്രിയ ബ്രദേഴ്സ്, നിങ്ങൾ തയ്യാറെടുക്കുന്നത് ഒരു ഉയർന്ന ജോലിക്കല്ല, ബിസി നസ്സ് ചെയ്യാനുമല്ല.'' പാപ്പാ പറഞ്ഞു.''മറിച്ച് ഈശോയെപ്പോലെ ഇടയന്മാരാ കാനാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. യേശുവിനെപ്പോലെ ആയിത്തീരുക എന്നതാണ് നിങ്ങളുടെ ലക്ഷ്യം. അവനെപ്പോലെ പ്രവർത്തിക്കുക എന്നതും.''

സെമിനാരി പരിശീലനത്തിന് നാല് ഘടകങ്ങളുണ്ടെന്ന് പാപ്പാ പറഞ്ഞു-ആധ്യാ ത്മികം, ഭൗതികം, സഭാത്മകം, അപ്പസ്തോലികം. പരിശീലനത്തിന്റെ ആദ്യഘട്ടം മുതൽ ഈ നാല് ഘട്ടങ്ങളും ഒരുമിച്ച് കൊണ്ടുപോകണമെന്നും പാപ്പാ പറഞ്ഞു.